**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം**
നം.943

**06.06.2018-ൽ മറുപടിയ്ക്ക്**

## ചലച്ചിത്ര വികസന കോർപ്പറേഷൻ

**ചോദ്യം**

ശ്രീ.മുല്ലക്കര രത്നാകരൻ

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

ചലച്ചിത്ര വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; പുതിയ സിനിമാ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങൾ നല്കുന്നുവെന്ന് വിശദമാക്കാമോ;

1. ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിൽ തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ, ചേർത്തല, വടക്കൻ പറവൂർ, ചിറ്റൂർ എന്നിവിടങ്ങളിലായി എല്ലാ ആധുനിക സൗകര്യങ്ങളുമുള്ള 16 തിയേറ്ററുകൾ പ്രവർത്തിക്കുന്നു.

2. സർക്കാർ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും പരസ്യചിത്രങ്ങൾ, ഡോക്യുമെന്ററികൾ, പ്രൊമോഷൻ വീഡിയോകൾ എന്നിവ കുറഞ്ഞ ചെലവിൽ ഗുണമേന്മയോടെ നിർമ്മിച്ചു നൽകാനുള്ള സൗകര്യങ്ങളും ചലച്ചിത്ര വികസന കോർപ്പറേഷനിൽ ഉണ്ട്.

3. പുതിയ സിനിമാസംരംഭകർക്ക് ചിത്രാഞ്ജലി സ്റ്റുഡിയോയിലെ ആധുനിക സൗകര്യങ്ങൾ (റെക്കോർഡിംഗ്, എഡിറ്റിംഗ്, ഡി.ഐ, 7.1 മിക്സിംഗ് തുടങ്ങിയവ) ഉപയോഗിച്ച് സിനിമ നിർമ്മിക്കാവുന്നതാണ്. 2 ലക്ഷം രൂപ അടച്ച് ചിത്രാഞ്ജലി സ്റ്റുഡിയോയിൽ രജിസ്റ്റർ ചെയ്താൽ കെ.എസ്.എഫ്.ഡി.സി പാക്കേജിൽ ചിത്രാഞ്ജലിയിൽ ലഭ്യമായ എല്ലാ ആധുനിക സൗകര്യങ്ങളുമുപയോഗപ്പെടുത്തിക്കൊണ്ട് സിനിമ നിർമ്മിക്കാവുന്നതാണ്. ഇത്തരം പാക്കേജിൽ നിർമ്മിക്കുന്ന ചിത്രങ്ങൾക്കുള്ള സർക്കാർ സബ്സിഡിയും കെ.എസ്.എഫ്.ഡി.സി വഴി ലഭിക്കുന്നതാണ്.

4. ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിക്കുന്നതിന്റെ ഭാഗമായി ചിത്രാഞ്ജലിയെ ഫിലിം സിറ്റിയായി കിഫ്ബി ഫണ്ടുപയോഗിച്ച് വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും 100 കോടി രൂപ കണ്ടെത്തി ചലച്ചിത്രങ്ങളുടെ പ്രദർശന ത്തിനായി കേരളത്തിലുടനീളം 100 തീയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഈ പദ്ധതിയ്ക്കായി സ്ഥലം വിട്ടു നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറായി മുന്നോട്ട് വന്നിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**